# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ 60.44 ശതമാനം പോളിങ്. തമിഴ്നാട്ടിലെ ഈറോഡ് ഈസ്റ്റിലും ഉത്തർപ്രദേശിലെ മിൽക്കിപൂരിലും നടന്ന ഉപതിരഞ്ഞെടുപ്പും സമാധാനപരം.**

   **Poll percent turnout to be 60.44% in Delhi Assembly elections. By-elections held in Erode East in Tamil Nadu and Milkipur in Uttar Pradesh were also peaceful.**

2. **തീവ്രവാദ മുക്ത ജമ്മു കശ്മീർ എന്ന ലക്ഷ്യത്തിലേക്ക് രാജ്യം അതിവേഗം അടുക്കുകയാണെന്ന് കേന്ദ്രമന്ത്രി അമിത് ഷാ.**

   **Union Minister Amit Shah said that the nation is fastly approaching its goal of terror-free Jammu and Kashmir.**

3. **2025-26 സാമ്പത്തിക വർഷത്തേക്കുള്ള കേരള സംസ്ഥാന ബജറ്റ് ധനമന്ത്രി കെ എൻ ബാലഗോപാൽ നാളെ നിയമസഭയിൽ അവതരിപ്പിക്കും.**

   **Finance Minister KN Balagopal will present the Kerala State Budget for the financial year 2025-26 in the Assembly tomorrow.**

4. **അമേരിക്കയ്ക്ക് പിന്നാലെ ലോകാരോഗ്യ സംഘടനയിൽ നിന്നും പിന്മാറാൻ ഒരുങ്ങി അർജന്റീന.**

   **Argentina is preparing to withdraw from the World Health Organization, following the United States.**

5. **നാഷണൽ ഗെയിംസിൽ മുന്നേറ്റം തുടർന്ന് കർണ്ണാടക. തായ്ക്വോണ്ടോയിൽ കേരളം ഇന്ന് മത്സരിക്കും.**

**Karnataka continues its reign at the National Games. Kerala will compete in Taekwondo today.**

6. **ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് മഹാരാഷ്ട്രയിൽ തുടക്കം.**

**In Cricket, India-England ODI series begins in Maharashtra today.**

==================================================

## DELHI ELECTION

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ 60.44 ശതമാനം പോളിങ് . വോട്ടെടുപ്പ് പൊതുവെ സമാധാനപരമായിരുന്നു. 699 സ്ഥാനാർത്ഥികളാണ് 70 അംഗ നിയമസഭയിലേക്ക് മത്സരിച്ചത്. വോട്ടെണ്ണൽ ശനിയാഴ്ചയാണ്. അതേസമയം, തമിഴ്നാട്ടിലെ ഈറോഡ് ഈസ്റ്റ് നിയമസഭാ മണ്ഡലത്തിലും ഉത്തർപ്രദേശിലെ മിൽക്കിപൂർ മണ്ഡലത്തിലും നടന്ന ഉപതിരഞ്ഞെടുപ്പും സമാധാനപരമായി അവസാനിച്ചു. ഈറോഡ് ഈസ്റ്റിൽ 67.97 ശതമാനവും മിൽക്കിപൂരിൽ 65.35 ശതമാനവും പോളിങ്ങാണ് രേഖപ്പെടുത്തിയത്.

==================================================

## JAISHANKAR EGYPT + JAISHANKAR SCO

വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ ഈജിപ്ഷ്യൻ വിദേശകര്യ മന്ത്രി ബദ്ര് അബ്ദല്ലയറ്റിയുമായി ഇന്നലെ ടെലിഫോണിൽ സംസാരിച്ചു. ഇന്ത്യയും ഈജിപ്റ്റും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തെക്കുറിച്ച് ഇരുവരും ചർച്ച നടത്തി. പുതുതായി ചുമതലയേറ്റ എസ് സി ഓ സെക്രട്ടറി ജനറലുമായും ശ്രീ ജയശങ്കർ ഇന്നലെ കൂടിക്കാഴ്ച നടത്തി. പുതിയ ചുമതലയിൽ അദ്ദേഹത്തെ അഭിനന്ദിച്ച കേന്ദ്ര മന്ത്രി, ഇന്ത്യയുടെയും എസ് സി ഓയുടെയും ഒന്നിച്ചുള്ള

പ്രവർത്തനനത്തെ കുറിച്ചും ചർച്ചചെയ്തതായി സമൂഹ മാധ്യമത്തിൽ കുറിച്ചു.

==========================================

**GREECE FM VISIT**

നാല് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ഗ്രീസ് വിദേശകാര്യ മന്ത്രി ജോർജ് ജെറാപെട്രിറ്റിസ് ഇന്നലെ ന്യൂ ഡൽഹിയിൽ എത്തി. വിദേശകാര്യ മന്ത്രി ഡോ എസ് ജയ്ശങ്കറുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഇന്ത്യ-ഗ്രീസ് ബന്ധം കൂടുതൽ ശക്തിപ്പെടുത്താനും ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം വർദ്ധിപ്പിക്കാനും സന്ദർശനം സഹായകമാകും.

==========================================

**AMIT SHA J K**

ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ജമ്മുകശ്മീരിലെ സുരക്ഷ അവലോകന യോഗം ഇന്നലെ ന്യൂഡൽഹിയിൽ ചേർന്നു. ലഫ്റ്റനൻറ് ഗവർണറും ഉന്നത ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു. തീവ്രവാദ മുക്ത ജമ്മു കശ്മീർ എന്ന ലക്ഷ്യത്തിലേക്ക് രാജ്യം അതിവേഗം അടുക്കുകയാണെന്ന് ശ്രീ ഷാ പറഞ്ഞു. നുഴഞ്ഞുകയറ്റം ഒഴിവാക്കാനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ അദ്ദേഹം കേന്ദ്ര ഏജൻസികൾക്ക് നിർദ്ദേശം നൽകി.

==========================================

**AMIT SHAH TRIPURA – (INTRO)**

ത്രിപുര സർക്കാർ വികസനത്തിൻറെയും സദ്ഭരണത്തിൻറെയും പാതയിലാണെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ. പുതുതായി ജോലിയിൽ പ്രവേശിച്ച 2,806 യുവാക്കൾക്ക് ഓൺലൈനായി നിയമന ഉത്തരവ് വിതരണം ചെയ്യുകയായിരുന്നു മന്ത്രി. ഒരുകാലത്ത് കരകളാൽ ചുറ്റപ്പെട്ട സംസ്ഥാനം എന്നറിയപ്പെട്ടിരുന്ന ത്രിപുര

ഇപ്പോൾ കരകളോട് ബന്ധിക്കപ്പെട്ട സംസ്ഥാനം ആണെന്നും അദ്ദേഹം പറഞ്ഞു.

**(HOLD BYTE.........)**

==================================================

## KERALA BUDGET

2025-26 സാമ്പത്തിക വർഷത്തേക്കുള്ള കേരള സംസ്ഥാന ബജറ്റ് ധനമന്ത്രി കെ എൻ ബാലഗോപാൽ നാളെ നിയമസഭയിൽ അവതരിപ്പിക്കും. വയനാട് പുനരധിവാസം, ക്ഷേമപെൻഷൻ വർദ്ധന എന്നിവയുമായി ബന്ധപ്പെട്ട പ്രഖ്യാപനങ്ങൾ ബജറ്റിലുണ്ടാകുമെന്നാണ് പ്രതീക്ഷ. ഈ മാസം 10 മുതൽ 13 വരെ ബജറ്റിന്മേലുള്ള ചർച്ച നടക്കും. ബജറ്റ് സമ്മേളനത്തിൻറെ ആദ്യഘട്ടം നന്ദിപ്രമേയ ചർച്ചകൾ പൂർത്തിയാക്കി ജനുവരി 23-ന് അവസാനിച്ചിരുന്നു.

==================================================

## RBI-MONETARY POLICY

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മൂന്ന് ദിവസത്തെ പണനയ യോഗത്തിന് മുംബൈയിൽ തുടക്കമായി. അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകൾ സംബന്ധിച്ച തീരുമാനങ്ങൾ ആർബിഐ ഗവർണർ നാളെ പ്രഖ്യാപിക്കും. ആർ ബി ഐ ഗവർണറായി സഞ്ജയ് മൽഹോത്ര ചുമതലയേറ്റ ശേഷമുള്ള ആദ്യ യോഗമാണിത്.

==================================================

**ബ്രേക്ക്.............**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==================================================

## JAISHANKAR - UNGA PREZ

വിദേശകാര്യ മന്ത്രി എസ് ജയശങ്കർ U.N പൊതുസഭ പ്രസിഡൻ്റ് ഫിലിമോൻ യാങ്ങുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി പങ്കാളിത്തം പരിഷ്ക്കരിക്കേണ്ട ആവശ്യകത ഉൾപ്പെടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തതായി അദ്ദേഹം സമൂഹ

മാധ്യമത്തിൽ കുറിച്ചു. പ്രാദേശിക, ആഗോള പ്രശ്നങ്ങളിലെ ആശയങ്ങൾ പരസ്പരം കൈമാറിയതായും ശ്രീ ജയ്ശങ്കർ പറഞ്ഞു.

=========================================

## ASHWINI VAISHNAW AI (INTRO)

നിർമിത ബുദ്ധിയുടെ ഉപയോഗത്തിലെ ചിലവ് കുറക്കാനുള്ള ആശയങ്ങൾ ഇന്ത്യൻ സ്റ്റാർട്ട്പ്പുകൾ ആലോചിച്ചു വരികയാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ഓപ്പൺ A.I CEO സാം ആൾട്ട്മാനുമായി നടത്തിയ കൂടിക്കാഴ്ചക്ക് ശേഷം പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

## (VOICE................)

സാങ്കേതികവിദ്യയെ ജനാധിപത്യവൽക്കരിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും നിർമിതബുദ്ധിയുടെ ഉപയോഗത്തിനായി പിന്തുണ നൽകുന്ന സാങ്കേതികവിദ്യകൾ, ഉപകരണങ്ങൾ, എന്നിവയുടെ ശേഖരമായ A.I സ്റ്റാക്കിനെക്കുറിച്ച് ആൾട്ട്മാനുമായി ചർച്ച നടത്തിയതായും അദ്ദേഹം പറഞ്ഞു.

=========================================

## CM

കേരള ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും കേരള സംസ്ഥാന വ്യാവസായിക വികസന കോർപ്പറേഷനും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. വ്യവസായ മന്ത്രി പി രാജീവ് അദ്ധ്യക്ഷത വഹിക്കും.

=========================================

## KERALA CABINET

കേരളത്തിലെ ആരോഗ്യ മേഖലയിൽ വൻ വികസനം ലക്ഷ്യമിട്ട് ലോക ബാങ്ക് സഹായത്തോടെ കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെൻറ് പ്രോഗ്രാം നടപ്പിലാക്കാൻ സംസ്ഥാന മന്ത്രിസഭായോഗ തീരുമാനം. ലോകബാങ്കിൽ നിന്നും 2424.28 കോടി രൂപ വായ്പ സ്വീകരിച്ചാണ്

പദ്ധതി നടപ്പാക്കുക. വ്യവസായ പാർക്കുകളിൽ നിർമ്മാണ യൂണിറ്റുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയും ഫീസും പൂർണ്ണമായി ഒഴിവാക്കാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

==============================================

## ARGENTINA- WHO

ലോകാരോഗ്യ സംഘടനയിൽ നിന്നും പിന്മാറുമെന്ന് അറിയിച്ച് അർജൻറീന. ആരോഗ്യ പരിപാലനത്തിലെ അഭിപ്രായ ഭിന്നതകളാണ് സംഘടനയിൽ നിന്ന് പിന്മാറാൻ കാരണമെന്ന് അർജൻറീന പ്രസിഡൻറ് ജാവിയർ മിലിയുടെ ഔദ്യോഗിക വക്താവ് അറിയിച്ചു. ലോകാരോഗ്യ സംഘടനയിൽ നിന്ന് പിന്മാറാനുള്ള എക്സിക്യൂട്ടീവ് ഉത്തരവിൽ യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് ഒപ്പുവച്ചതിന് പിന്നാലെയാണ് അർജൻറീനയുടെ നീക്കം.

==============================================

## NATIONAL GAMES

നാഷണൽ ഗെയിംസിൽ മുന്നേറ്റം തുടർന്ന് കർണ്ണാടക. 28 സ്വർണ്ണം ഉൾപ്പെടെ, 54 മെഡലുകളാണ് കർണ്ണാടക സ്വന്തമാക്കിയത്. സർവീസസ് രണ്ടാമതും മധ്യപ്രദേശ് മൂന്നാം സ്ഥാനത്തുമാണ്. ഒൻപത് സ്വർണ്ണവും, ഒൻപത് വെള്ളിയും ആറ് വെങ്കലവും ഉൾപ്പെടെ 24 മെഡലുകളുമായി കേരളം ഒൻപതാം സ്ഥാനത്താണ്. ഇന്ന് നടക്കുന്ന തായ്ക്വോണ്ടോ ഇനത്തിലും കേരളം മത്സരത്തിന് ഇറങ്ങുന്നുണ്ട്.

==============================================

## CRICKET - IND VS ENG

ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കമാകും. മഹാരാഷ്ട്രയിലെ നാഗ്പൂരിലെ വിദർഭ ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 1.30-നാണ് മത്സരം. ഇന്ത്യൻ ടീമിനെ രോഹിത് ശർമ നയിക്കും. ജോസ് ബട്‌ലർ ആണ് ഇംഗ്ലണ്ട് ടീമിനെ നയിക്കുന്നത്. മൂന്ന് മത്സരങ്ങളുടെ പരമ്പരയിലെ രണ്ടാം മത്സരം

ഞായറാഴ്ച കട്ടക്കിൽ നടക്കും. ഈ മാസം 12-ന് അഹമ്മദാബാദിലാണ് അവസാന മത്സരം.

==============================================

## ISL

ഇന്നലെ നടന്ന ISL ഫുട്ബോൾ മത്സരത്തിൽ മോഹൻ ബഗാൻ, പഞ്ചാബ് എഫ്സിയെ എതിരില്ലാത്ത 3 ഗോളുകൾക്ക് പരാജയപ്പെടുത്തി. ഇതോടെ 46 പോയിൻറുമായി മോഹൻ ബഗാൻ സൂപ്പർ ജയൻറ്സ് ഈ സീസണിലെ പ്ലേ ഓഫ് യോഗ്യത നേടുന്ന ആദ്യ ടീമായി. ഇന്ന് എഫ്സി ഗോവ ഒഡീഷ എഫ്സിയെ നേരിടും. രാത്രി 7:30- ന് ഗോവയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

==============================================

## MAHAKUMBH – YUVA KUMBH

പ്രയാഗ്‌രാജിലെ മഹാകുംഭ മേളയിൽ 15,000- ത്തോളം ആദിവാസി ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ജൻജാതി സാൻസ്കൃതിക് സംഗമം ഇന്ന് നടക്കും. ആറ് ദിവസം നീണ്ടു നല്കുന്ന പരിപാടിയിൽ ആദിവാസിജനവിഭാഗത്തിൻറെ സംസ്കാരവും പാരമ്പര്യവും കാത്തുസൂക്ഷിക്കുമെന്ന് എല്ലാവരും പ്രതിജ്ഞ എടുക്കും. പരിപാടിയോടനുബന്ധിച്ച് എണ്ണായിരത്തിലധികം ആദിവാസി യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യുവകുംഭ് പരിപാടിയും സംഘടിപ്പിക്കുമെന്ന് മന്ത്രാലയം അറിയിച്ചു.

==============================================

## NEW AGA KHAN

ഇസ്മാ ഈലി മുസ്ലീങ്ങളുടെ ആത്മീയ നേതാവ് ആഗാ ഖാൻ നാലാമൻറെ മരണത്തെ തുടർന്ന് അദ്ദേഹത്തിന്റെ മൂത്ത മകൻ റഹീം അൽ ഹുസൈനിയെ ആഗാ ഖാൻ അഞ്ചാമനായി നിയോഗിച്ചു. ഇസ്മാഈലികളുടെ 50-ാമത്തെ പാരമ്പര്യ

ഇമാമാണ് 53-കാരനായ റഹീം രാജകുമാരൻ. ആഗാ ഖാൻ നാലാമൻ കരിം അൽ ഹുസൈനി ചൊവ്വാഴ്ച ആണ് അന്തരിച്ചത്. നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പടെ പ്രമുഖർ അനുശോചനം അറിയിച്ചിരുന്നു.

=========================================

## HEATWAVE

കേരളത്തിൽ ഇന്ന് ഒറ്റപ്പെട്ടയിടങ്ങളിൽ സാധാരണയെക്കാൾ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പൊതുജനങ്ങൾ ജാഗ്രതാ പാലിക്കണം. നിർജലീകരണം ഒഴിവാക്കാൻ ധാരാളം വെള്ളം കുടിക്കണമെന്നും, പകൽ 11 മണി മുതൽ 3 മണി വരെ നേരിട്ടുള്ള സൂര്യപ്രകാശം ഏൽക്കരുതെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദേശിച്ചു.

=========================================

## WAYANAD TIGER DEATH

വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ കുറിച്യാട് റേഞ്ചിൽ രണ്ട് കടുവകളെയും, വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ ഒരു കടുവയേയും ചത്ത നിലയിൽ കണ്ടെത്തിയ സംഭവം അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചതായി വനം വകുപ്പുമന്ത്രി എ.കെ.ശശീന്ദ്രൻ അറിയിച്ചു. സംഭവത്തിന് പിന്നിൽ മനഃപൂർവം ആരെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ എന്നതും ഉൾപ്പെടെ അന്വേഷണ സംഘം പരിശോധിക്കും. ഒരു മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാനാണ് മന്ത്രിയുടെ നിർദേശം.

===============

===========================

=========================================